**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 867** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പഠനമുറികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പേർക്ക് പഠനമുറി അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് /മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പഠനമുറി അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് ചുവടെ ചേർക്കുന്നു . |
| (ബി) | പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ ഗവ/എയ്ഡഡ്/സ്പെഷ്യൽ/ ടെക്നിക്കൽ/കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ 5 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നതും 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള ഭവനങ്ങളിൽ താമസിക്കുന്നതും ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് പഠനമുറി പദ്ധതി പ്രകാരം 2 ലക്ഷം രൂപ അനുവദിക്കുന്നത്. ടി പദ്ധതിയിലേയ്ക്ക് പരിഗണിക്കുന്നതിനായി വിദ്യാർത്ഥികളുടെ അപേക്ഷ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം സഹിതം ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ് .<br><br><u>മുൻഗണന മാനദണ്ഡങ്ങൾ</u><br><br>1. വീടിന്റെ വിസ്തീർണ്ണം ഏറ്റവും കുറവുള്ള കുടുംബം.<br>2. ഒന്നിലധികം പെൺകുട്ടികൾ വിദ്യാർത്ഥികൾ ആയുള്ള കുടുംബം.<br>3. വിധവ കുടുംബനാഥയായ കുടുംബം. |

| ക്രമ നം. | പഞ്ചായത്ത് / നഗരസഭ | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|
| | ഒറ്റപ്പാലം നഗരസഭ | 3 | 13 | 9 |
| | അമ്പലപ്പാറ | 1 | 8 | 7 |
| | ലക്കിടിപേരൂർ | 6 | 4 | 7 |
| | ശ്രീകൃഷ്ണപുരം | 5 | 7 | 3 |
| | കരിമ്പുഴ | 4 | 9 | 13 |
| | കടമ്പഴിപ്പുറം | 7 | 10 | 7 |
| | പൂക്കോട്ട്കാവ് | 5 | 7 | 2 |
| | തച്ചനാട്ടുകര | 4 | 14 | 2 |

| | | | |
|---|---|---|---|
| | | | 4. കിടപ്പുരോഗികൾ/മാരക രോഗികൾ ഉള്ള കുടുംബം.<br>5. ഒന്നിലധികം വിദ്യാർത്ഥികൾ ഉള്ള കുടുംബം.<br><br>പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ അപേക്ഷകൾ മേൽ പ്രകാരം മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയ ശേഷം അടുത്ത ക്ലാസുകളിലെ കുട്ടികളെ പരിഗണിക്കുന്നു. |

സെക്ഷൻ ഓഫീസർ